"ഭരണഭാഷ - മാതൃഭാഷ"

**കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്**

(1956-ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)

രജി. ഓഫീസ് : വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം - 695 004, കേരള
ടെലഫോൺ നം. : 91 471 2514468, 2514206, 2514587, 2514365
ഫാക്സ് : 0471 2446480, ഇമെയിൽ : dpr@kseb.in
വെബ് സൈറ്റ് : www.kseb.in CIN : U40100KL2011SGC027424

**സംഗ്രഹം**

പബ്ലിക് റിലേഷൻസ് വകുപ്പ് - സഭാ ടി.വി. - സംപ്രേഷണങ്ങൾക്കിടയിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പരസ്യം സംപ്രേഷണം ചെയ്യുന്നത് - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കോർപ്പറേറ്റ് ഓഫീസ് (പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്)**

**ബോ.ഉ.(എഫ്.ടി.ഡി) നം. 629/2020(പി.ആർ/എം.സി-2/1019/സഭാ ടി.വി./പരസ്യം/2020-21 - II)**
**തിരുവനന്തപുരം, തീയതി 14/10/2020**

---

പരാമർശം : 1) ബോ.ഉ.(എഫ്.ടി.ഡി) നം. 583/2020(പി.ആർ/എം.സി-2/1019/സഭാ ടി.വി./പരസ്യം/2020-21) തിരുവനന്തപുരം, തീയതി 18/09/2020.

2) ഡെപ്യൂട്ടി സെക്രട്ടറി (സഭാ ടി.വി.)-യുടെ 01.10.2020-ലെ 393/സഭാ TV3/ 2020/നി.സെ.Vol.III നമ്പർ കത്തും പരിപാടികളെ സംബന്ധിച്ച വിവരണവും.

3) 07.10.2020-ന് ചീഫ് പേഴ്സണൽ ഓഫീസർ ഇൻ ചാർജ്ജ് ഓഫ് ചീഫ് പബ്ലിക് റിലേഷൻസ് ഓഫീസർ ഫുൾടൈം ഡയറക്ടർമാർക്ക് സമർപ്പിച്ച കുറിപ്പ് നം. പി.ആർ/എം.സി-2/1019/സഭാ ടി.വി./പരസ്യം/2020-21-II തീയതി 07.10.2020. (അജണ്ട നമ്പർ - 31/10/20).

**ഉത്തരവ്**

നിയമസഭാ നടപടി ക്രമങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കിടയിലും അവബോധം സൃഷ്ടിക്കുന്നതിനായി വിവിധ പരിപാടികൾ നിർമ്മിച്ച് ടെലിവിഷൻ ചാനലുകളിലൂടെ സംപ്രേഷണം ചെയ്യുന്നതിനും ഓൺലൈൻ സ്ട്രീമിംഗ് നടത്തുന്നതിനുമായി രാജ്യത്ത് ആദ്യമായി കേരള നിയമസഭ ആരംഭിച്ചിരിക്കുന്ന സംരംഭമായ സഭാ ടിവി പല പ്രമുഖ ചാനലുകൾ മുഖേന 'സെൻട്രൽ ഹാൾ', 'സഭയും സമൂഹവും', 'നാട്ടുവഴി', 'കേരള ഡയലോഗ്' എന്നിങ്ങനെയുള്ള പരിപാടികൾ സംപ്രേഷണം ചെയ്യുന്നുണ്ടെന്നും ആ പരിപാടികൾക്കിടയിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പരസ്യം കൂടി ഉൾപ്പെടുത്തുന്നതിന് ബോർഡ് അനുമതി നൽകിയിരുന്നു.

ഏഷ്യാനെറ്റ് ന്യൂസ്, 24x7, മാതൃഭൂമി ന്യൂസ്, കൈരളി, മീഡിയവൺ, എ.സി.വി. ന്യൂസ് & സ്ട്രീംസ്, കേരള വിഷൻ, ജയ്ഹിന്ദ്, ദൂരദർശൻ, വിക്ടേഴ്സ്, ന്യൂസ് 18, കൗമുദി ടി.വി. എന്നീ ചാനലുകളിൽ ആദ്യത്തെ എപ്പിസോഡ് സംപ്രേഷണം ചെയ്യുന്നതിനിടയിൽ 600 സെക്കന്റ് (12 ചാനലുകൾ) നേരവും, ജയ്ഹിന്ദ്, മീഡിയവൺ, എ.സി.വി. ന്യൂസ് & വെബ്സ്ട്രീംസ്, കേരള വിഷൻ, മാതൃഭൂമി, വിക്ടേഴ്സ്, 24x7 എന്നീ 7 ചാനലുകളിൽ 350 സെക്കന്റ് നേരത്തേക്ക് പരസ്യം ആവർത്തിച്ചും സംപ്രേഷണം ചെയ്യുന്നതാണെന്ന് സഭാ ടിവിയുടെ ഡെപ്യൂട്ടി സെക്രട്ടറി അറിയിച്ചിരുന്നു. അതിനായി 2,00,000/- (ജി.എസ്.ടി. പുറമെ) ചെലവ് വരുന്നതാണ്.

ഈ സാഹചര്യത്തിൽ സഭാ ടി.വി. സംപ്രേഷണം ചെയ്യുന്ന പരിപാടികൾക്കിടയിലെ പരസ്യ സംപ്രേഷണ വേളയിൽ 600 സെക്കന്റ് (12 ചാനലുകളിലും), 350 സെക്കന്റ് നേരം (7 ചാനലുകളിലും) 2,00,000/- (+ ജി.എസ്.ടി. പുറമെ) ചെലവിൽ പരസ്യം സംപ്രേഷണം ചെയ്യുന്നതിനും, കെ.എസ്.ഇ.ബി. എൽ.-ന്റെ പക്കലുള്ള സുരക്ഷ സംബന്ധിച്ച വീഡിയോകൾ പരസ്യ സംപ്രേഷണത്തിനായി ഉപയോഗിക്കുന്നതിനും അനുമതി നൽകി ബോർഡ് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഫുൾടൈം ഡയറക്ടർമാരുടെ**
**ഉത്തരവിൻ പ്രകാരം**
**ഒപ്പ്/-**
**ലേഖ ജി**
**കമ്പനി സെക്രട്ടറി ഇൻചാർജ്ജ്**

സ്വീകർത്താവ് : ചീഫ് പബ്ളിക് റിലേഷൻസ് ഓഫീസർ.

പകർപ്പ് :

ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ ടി.എ/
സെക്രട്ടറിയുടെ(ഭരണം) /ഡെപ്യൂട്ടി ചീഫ്
എഞ്ചിനീയർ(ഐ.റ്റി) /എ.ജി./ലീഗൽ ലെയ്സൺ
ഓഫീസർ/ഫയൽ/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്